ടെൽക്കിലെ സെക്യൂരിറ്റി ഓഫീസറായ കെ.വി. ഇമ്മാനുവലിനെ പിരിച്ചുവിട്ട നടപടി

11 (3081) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ടെൽക്കിലെ സെക്യൂരിറ്റി ഓഫീസറായ കെ.വി. ഇമ്മാനുവലിനെ പിരിച്ചുവിട്ട നടപടിക്കെതിരെ ഉണ്ടായ ഹൈക്കോടതി വിധിക്കെതിരെ കമ്പനി സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ കമ്പനിക്കു വേണ്ടി ഏതൊക്കെ വക്കീലന്മാരായിരുന്നു സുപ്രീം കോടതിയിൽ ഹാജരായിരുന്നതെന്നും പ്രസ്തുത കേസ് നടത്തുന്നതിന് കമ്പനിക്ക് എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി അദ്ദേഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകി പുനർനിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെൽക്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരിക്കെ പിരിച്ചുവിടപ്പെട്ട ശ്രീ. ഇമ്മാനുവേലിന്റെ കേസിലുണ്ടായ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ കമ്പനി ഫയൽ ചെയ്തിരുന്നു.

(ബി) കമ്പനിയ്ക്കു വേണ്ടി കേസ് പ്രതിരോധിക്കുന്നതിന് ഡൽഹിയിലെ മെസേഴ്സ് ജെ.ബി. ദാദാലാൽജി ആന്റ് കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അവരെ പ്രതിനിധീകരിച്ച് അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീ. ഡി.എസ്. വൈദ്യനാഥനും അഡ്വക്കേറ്റ് ഓൺ റെക്കോർഡ് ആയി ശ്രീ. എസ്. സുകുമാരനുമാണ് ഹാജരായത്. ഇതിലേയ്ക്ക് കമ്പനിയ്ക്ക് 82,500/- രൂപ ചെലവായിട്ടുണ്ട്.

(സി) ഈ വിഷയം സംബന്ധിച്ച് ലേബർ കോടതിയുടെ അവാർഡ് സ്വീകാര്യമല്ലെങ്കിൽ ബന്ധപ്പെട്ട കക്ഷികൾക്ക് അതിനെതിരെ നടപടികൾ സ്വീകരിക്കാമെന്ന് സുപ്രീംകോടതി വിധിച്ചു.

(ഡി) മേലധികാരികളുടെ നിർദ്ദേശങ്ങളെ ധിക്കരിച്ചുകൊണ്ട് ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിന് കോൺട്രാക്ട് കാലയളവിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ. ഇമ്മാനുവൽ മറ്റു പ്രത്യേക പരിഗണനയൊന്നും അർഹിക്കുന്നില്ല. ലേബർകോടതിയുടെ അവസാന ബോർഡ് പോലും സഹതാപപ്രശ്നം പരിഗണിച്ചിട്ടുണ്ടെങ്കിലും പുനർനിയമനത്തിനുള്ള അപേക്ഷ തള്ളിക്കളഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly